## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : *334

11/05/2017 ൽ മറുപടിയ്ക്ക്

### ഖാദിയുടേയും മറ്റു ഗ്രാമ വ്യവസായങ്ങളുടേയും പുരോഗതി

**ചോദ്യം**

ശ്രീ.പി.കെ.ശശി
ശ്രീ.സി.കൃഷ്ണൻ
ശ്രീ.സി.കെ.ഹരീന്ദ്രൻ
ശ്രീ.പുരുഷൻ കടലുണ്ടി

**ഉത്തരം**

ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഖാദിയുടേയും മറ്റു ഗ്രാമവ്യവസായങ്ങളുടേയും പുരോഗതിയ്ക്കായുള്ള പദ്ധതികൾ അറിയിക്കാമോ ; | (എ) | പ്രത്യേക തൊഴിൽദാന പദ്ധതിയനുസരിച്ച് ഗ്രാമ വ്യവസായങ്ങളുടെ പുരോഗതിയ്ക്കായി പുതിയ ഗ്രാമ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് വ്യക്തികൾ, സഹകരണ സംഘങ്ങൾ, സ്ഥാപനങ്ങൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയ്ക്ക് വായ്പകൾ ലഭ്യമാക്കുകയും ടി യൂണിറ്റുകൾക്ക് മാർജിൻമണി നൽകുകയും ചെയ്യുന്ന പദ്ധതി കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് നടപ്പിലാക്കി വരുന്നു. ഗ്രാമ വ്യവസായങ്ങളുടെ പുരോഗതിയ്ക്കായി പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരം പുതിയ ഗ്രാമ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി വ്യക്തികൾക്ക് 25% മുതൽ 35% വരെ മാർജിൻമണി ഗ്രാന്റ് നൽകി വരുന്നു. ഖാദി മേഖലയുടെ പുരോഗതിക്കായി ഉല്പാദന കേന്ദ്രങ്ങളിൽ ആവശ്യമായ അസംസ്കൃത സാധനങ്ങൾ യഥാസമയം ലഭ്യമാക്കൽ, റെഡിമെയ്ഡ് പാവ് ലഭ്യമാക്കൽ, ആയാസരഹിതമായതും ഉല്പാദന ക്ഷമത കൂടിയതുമായ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുള്ള ഉല്പാദന കേന്ദ്രങ്ങൾ, ഉൽപ്പന്നങ്ങൾ യഥാസമയം വിറ്റഴിക്കുന്നതിനുള്ള വിപണന കേന്ദ്രങ്ങൾ, മിനിമം കൂലി, ഉല്പാദന ഇൻസെന്റീവ്, ഉത്സവബത്ത, ക്ഷേമനിധി, ഇ.എസ്.ഐ ആനുകൂല്യങ്ങൾ തുടങ്ങിയവ |

| | | | |
|---|---|---|---|
| | | | ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും വാർഷിക പദ്ധതികളിൽ ഖാദിയുടെ പുരോഗതിയ്ക്ക് മതിയായ പദ്ധതികൾ ഉൾപ്പെടുത്തുന്നുണ്ട്. ഖാദി മേഖലയിലെ ആധുനികവൽക്കരണവും ഈ മേഖലയ്ക്ക് ഉണർവ്വ് പകർന്നിട്ടുണ്ട്. |
| (ബി) | ഈ മേഖലയിൽ തൊഴിലുപകരണങ്ങളുടെ ആധുനീകവൽക്കരണത്തിനും സാങ്കേതികവിദ്യാവികസനത്തിനും ഗുണമേന്മാ വർദ്ധനവിനും ഖാദി ഗ്രാമവ്യവസായ ബോർഡ് മുഖേന ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണ് ; | (ബി) | ഈ മേഖലയിൽ തൊഴിലുപകരണങ്ങളുടെ ആധുനീകവൽക്കരണത്തിനും സാങ്കേതിക വിദ്യാവികസനത്തിനും ഗുണമേന്മാ വർദ്ധനവിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം പ്രദാനം ചെയ്യുന്നതിനായി ആയാസം കുറഞ്ഞ യന്ത്രസാമഗ്രികൾ ഉപയോഗപ്പെടുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിലുപകരണങ്ങളുടെ ആധുനികവൽക്കരണത്തിനും സാങ്കേതിക വിദ്യ വികസനത്തിനും ഒരു ഗവേഷണ വികസന വിഭാഗം പ്രവർത്തിച്ചു വരുന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി പോലുള്ള സാങ്കേതിക വികസന സ്ഥാപനങ്ങളുടെ ഉപദേശങ്ങളും ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്നു. ഇത്തരത്തിലുള്ള മാറ്റങ്ങളിലൂടെ മെച്ചപ്പെട്ട ഉല്പാദനവും ഉല്പാദനക്ഷമതയും, തൊഴിലാളികൾക്ക് കൂടുതൽ കൂലിയും ലക്ഷ്യമിടുന്നു.<br>പരമ്പരാഗത രീതിയിൽ ഊന്നിയുള്ള മാറ്റങ്ങൾ മാത്രമേ ഖാദി മേഖലയിൽ അനുവദനീയമായുള്ളൂ എന്നതിനാൽ ഈ മേഖലയിൽ മാറ്റം വരുത്തുന്നതിന് പരിമിതികളുണ്ട്. എന്നിരുന്നാലും കൂടുതൽ ആയാസരഹിതമായ യന്ത്രസാമഗ്രികൾ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം തന്നെ സൗരോർജ്ജം ഉപയോഗപ്പെടുത്തി യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടിയുമായും കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് മുന്നോട്ട് പോകുന്നു. |
| (സി) | കാലാനുസൃതമായി അഭിരുചിക്കുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് ഖാദിവസ്തുങ്ങളുടെ ഡിസൈനിംഗിൽ മാറ്റം വരുത്തി വിപണിയിൽ സ്ഥാനം ഉറപ്പിക്കാനായി | (സി) | ഇത്തരത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും, സെമിനാറുകൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുന്നതിനും കേരള |

| | | | |
|---|---|---|---|
| | പരിശീലന പരിപാടി സംഘടിപ്പിക്കുമോ എന്നറിയിക്കാമോ ? | | ഖാദിഗ്രാമവ്യവസായ ബോർഡ് നടപടികൾ ആരംഭിക്കുകയും രണ്ട് മേഖലാ സെമിനാറുകൾ നടത്തുകയുമുണ്ടായി. കൂടാതെ ഇത്തരം പരിശീലന പ്രക്രിയകൾക്ക് ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടേയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി പോലുള്ള സങ്കേതിക സ്ഥാപനങ്ങളുടേയും സഹായവും കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് സ്വീകരിക്കുന്നതാണ്. കാലാനുസൃതമായ അഭിരുചിക്കനുസരിച്ച് വസ്ത്ര നിർമ്മാണത്തിനായി കൊല്ലം, കോട്ടയം, ആലപ്പുഴ,പയ്യന്നൂർ, പാലക്കാട് എന്നിവിടങ്ങളിൽ റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ